**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 185** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പനങ്ങാടി നെടുവ കുടുംബാരോഗ്യ കേന്ദ്രം.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള കെട്ടിടങ്ങൾക്ക് ശോചനീയാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ഈ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഈ ആശുപത്രിയിൽ പുതിയ കെട്ടിട നിർമാണങ്ങൾക്കായി എന്തെങ്കിലും നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എൻ.എച്ച്.എം ROP പദ്ധതിയിൽ ഉൾപ്പെടുത്തി 143 ലക്ഷം രൂപ അനുവദിച്ചു. ആദ്യഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 15-ാമത് ധനകാര്യ കമ്മീഷൻ 2023-24 ഹെൽത്ത് ഗ്രാന്റ് മുഖേന 143 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അലോട്ട്മെന്റ് നടപടികൾ പൂർത്തിയായി. പ്രവൃത്തിയുടെ DPR തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**